(സി) പണി പൂർത്തീകരിക്കുമ്പോൾ എന്ത് തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ ?

*ഉത്തരം*

(എ) ബാവിക്കര റഗുലേറ്ററിന്റെ പ്രവൃത്തിക്ക് 5-7-2005-ന് മുമ്പായി എഗ്രിമെന്റ് വെയ്ക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ എഗ്രിമെന്റ് വെയ്ക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ബി) എഗ്രിമെന്റ് വെയ്ക്കുന്ന മുറയ്ക്ക് 20 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് ഇപ്പോഴത്തെ കണക്ക് പ്രകാരം 391.29 ലക്ഷം രൂപ ചെലവാകും.

**വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ തീരുമാനം**

88 [270] *ശ്രീ. കെ. പി. രാജേന്ദ്രൻ :*

" *പി. എസ്. സുപാൽ :*

" *മാങ്കോട് രാധാകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റി വിവിധ മേഖലകളിൽ വിതരണം നടത്തുന്ന വെള്ളത്തിന് ഈടാക്കുന്ന വില എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളത്തിന്റെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെയോ മറ്റേതെങ്കിലും കൺസൾട്ടൻസി സ്ഥാപനങ്ങളുടെയോ ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളം വിതരണം ചെയ്ത വകയിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; ഇതിൽ സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള തുക എത്ര വീതം ;

(ഇ) ജലവിതരണത്തിന് ഇന്നുള്ള രീതി മാറ്റി പുതിയ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) കച്ചവടാടിസ്ഥാനത്തിൽ വെള്ളം നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റി പരിഗണിച്ചുവരുന്നുണ്ടോ ; എങ്കിൽ അത് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഇല്ല.

(ബി) സംസ്ഥാനമൊട്ടാകെയുള്ള ഉപഭോക്താക്കളെ ഗാർഹിക, ഗാർഹികേതര, വ്യാവസായിക വിഭാഗങ്ങളായി തിരിച്ചാണ് വെള്ളക്കരം ഈടാക്കുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ വില വ്യത്യസ്ത നിരക്കിൽ ഈടാക്കി വരുന്നു. ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശിക ഇനത്തിൽ ഉദ്ദേശം 670 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ പൊതുമേഖലയിൽ നിന്നും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ) ഉദ്ദേശം 590 കോടി രൂപയും സ്വകാര്യ വ്യക്തികളിൽ നിന്നും 80 കോടി രൂപയോളവും പിരിഞ്ഞു കിട്ടാനുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) ഇപ്പോൾ ഇല്ല.

**കേരള വാട്ടർ അതോറിറ്റിയിൽ ഒഴിവുള്ള മീറ്റർ റീഡർ തസ്തികകൾ**

89 [271] *ശ്രീ. വി. കെ. സി. മമ്മത്കോയ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) ഇതേവരെ ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ഡി) നിലവിലുള്ള ഒഴിവുകൾ മുഴുവനും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ തസ്തികയിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട് ;

(എഫ്) ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

II. ഉടനെ പൂർത്തിയാക്കാവുന്നവ

(1) സുജല

(2) മൊച്ചാനം

(3) മെതിലക്കളം

## അനുബന്ധം VII

[6-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 88 (270)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

**1-4-1998 മുതൽ നിലവിലുള്ള വെള്ളക്കര നിരക്കുകൾ താഴെപറയുന്ന പ്രകാരമാണ്**

| *വിഭാഗം* | *പ്രതിമാസ ഉപയോഗം* | *പ്രതിമാസ നിരക്ക്* |
|---|---|---|
| ഗാർഹികം | 10 കിലോ ലിറ്റർ വരെ | 20 രൂപ |
| ,, | 10 മുതൽ 30 കി. ലി. വരെ | 20 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 3 രൂപ |
| ,, | 30 മുതൽ 50 കി. ലി. വരെ | 80 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 5 രൂപ |
| ,, | 50 കി. ലി. മുകളിൽ | 180 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 7.35 രൂപ |
| ഗാർഹികേതരം | 50 കി. ലി. വരെ | യൂണിറ്റിന് 7.35 രൂപ (കുറഞ്ഞത് 100 രൂപ) |
| ,, | 50 കി. ലി. മുകളിൽ | 368 രൂപയ്ക്ക് പുറമെ ഓരോ യൂണിറ്റിനും 10.60 രൂപ |
| വ്യാവസായികം | | ഓരോ യൂണിറ്റിനും 10.60 രൂപ (കുറഞ്ഞത് 200 രൂപ) |
| പഞ്ചായത്ത് | | സ്ട്രീറ്റ് ടാപ്പൊന്നിന് ഒരു വർഷത്തേക്ക് 1750 രൂപ |
| മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | | സ്ട്രീറ്റ് ടാപ്പൊന്നിന് ഒരു വർഷത്തേക്ക് 2628 രൂപ |

LIBRARY ARCHIVES Kerala Legislative Assembly